"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ്- കോഴിക്കോട് ജില്ലയിലെ എരിഞ്ഞിപ്പാലം റോഡ് ജംഗ്ഷൻ വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നത്- എൽ.എ.ആർ 02/2008 കേസിന് വിധിതുക നൽകുന്നത്- ഭരണാനുമതി പുതുക്കി നൽകി ഉത്തരവാകുന്നു.

**പൊതുമരാമത്ത് (പി.എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.523/2024/PWD തീയതി,തിരുവനന്തപുരം, 22-05-2024

പരാമർശം:-
1. സ.ഉ(സാധാ)നം. 616/2021/പൊ.മ.വ തീയതി 06/07/2021
2. സ.ഉ(സാധാ)നം.985/2021/പൊ.മ.വ തീയതി 09/11/2021
3. സ.ഉ(സാധാ)നം.712/2022/പൊ.മ.വ തീയതി 30/06/2022
4. നിരത്തുകൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ 28/10/2023-ലെ CEPWD/2908/2021-FR2(F)-RD നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ എരിഞ്ഞിപ്പാലം റോഡ് ജംഗ്ഷൻ വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ബഹു.കോഴിക്കോട് സബ് കോടതിയിലെ എൽ.എ.ആർ 68/07 കേസിന് വിധിതുക നൽകുന്നതിനായി സൂചന (1) പ്രകാരം 12,38,500/- രൂപ 5054-04-337-80-PC ശീർഷകത്തിൽ നിന്നും നൽകി ഭരണാനുമതി നൽകി ഉത്തരവായിരുന്നു. തുടർന്ന്, ഇതേ റോഡ് ജംഗ്ഷൻ വികസനവുമായി ബന്ധപ്പെട്ട ബഹു.കോഴിക്കോട് സബ് കോടതിയിലെ എൽ.എ.ആർ 08/2008, 120/2007 എന്നീ കേസുകൾക്ക് വിധിതുക അനുവദിക്കുന്നതിനായി 11,33,553/- രൂപയും ചേർത്ത് ഭരണാനുമതി ആകെ 23,72,053/- രൂപയായി പുതുക്കി പരാമർശം(2) പ്രകാരവും, പിന്നീട് എൽ.എ.ആർ 02/2008, 97/2007 കേസുകൾക്ക് ആവശ്യമായി വരുന്ന 34,22,224/- രൂപയും ചേർത്ത് ഭരണാനുമതി ആകെ 57,94,277/- രൂപയായി പുതുക്കി പരാമർശം(3) പ്രകാരവും ഉത്തരവായിരുന്നു.

കോഴിക്കോട് ജില്ലയിലെ എരിഞ്ഞിപ്പാലം റോഡ് ജംഗ്ഷൻ വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട മേൽ പരാമർശിച്ചിരുന്ന എൽ.എ.ആർ 02/2008 നമ്പർ കേസിന് ആവശ്യമുള്ള ബാക്കി വിധിതുകയായ 95,860/- രൂപയും ചേർത്ത്

ഭരണാനുമതി പുതുക്കി നൽകണമെന്ന് പരാമർശം (4) പ്രകാരം പൊതുമരാമത്ത് വകുപ്പ്, നിരത്തുകൾ വിഭാഗം ചീഫ് എഞ്ചിനീയർ അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലയിലെ എരിഞ്ഞിപ്പാലം റോഡ് ജംഗ്ഷൻ വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ബഹു.കോഴിക്കോട് സബ് കോടതിയിലെ എൽ.എ.ആർ 68/07, 08/2008, 120/2007, 02/2008, 97/2007 എന്നീ കേസുകൾക്ക് പരാമർശം(3) പ്രകാരം ആകെ അനുവദിച്ചിരുന്ന 57,94,277/- രൂപയോടൊപ്പം എൽ.എ.ആർ 02/2008 നമ്പർ കേസിന് ആവശ്യമുള്ള ബാക്കി വിധിതുകയായ 95,860/- രൂപയും ചേർത്ത് ആകെ 58,90,137/ രൂപ (അമ്പത്തെട്ട് ലക്ഷത്തി തൊണ്ണൂറായിരത്തി നൂറ്റിമുപ്പത്തിയേഴ് രൂപ മാത്രം) 5054-04-337-80-PC എന്ന ശീർഷകത്തിൽ അനുവദിച്ച് പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SMITHA ALEX
ഡെപ്യൂട്ടി സെക്രട്ടറി

ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (നിരത്തുകൾ) വിഭാഗം തിരുവനന്തപുരം,
സൂപ്രണ്ടിംഗ് എഞ്ചിനീയർ, പൊതുമരാമത്ത് (നിരത്തുകൾ) വിഭാഗം, നോർത്ത് സർക്കിൾ, കോഴിക്കോട്
എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് (നിരത്തുകൾ) വിഭാഗം, കോഴിക്കോട്
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്, കേരളം) തിരുവനന്തപുരം/ തൃശ്ശൂർ
ധനവകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ്ബ്& ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Chithralekha V V
സെക്ഷൻ ഓഫീസർ
Date: 22-05-2024 16:19:19